TUESDAY 02/12/2025 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/12/2025

1. മനം കവരും ക്രിസ്മസ് ട്രീകളുമായി കൃഷി വകുപ്പ്. പ്ലാസ്റ്റിക് ക്രിസ്മസ് ട്രീകളുടെ ഉപയോഗം കുറയ്ക്കുന്നതിലൂടെ ഹരിത പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023 മുതൽ സംസ്ഥാന കൃഷിവകുപ്പ് വിവിധ ഫാമുകൾ മുഖേന ജീവനുള്ള ക്രിസ്മസ് ട്രീകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര വൃക്ഷങ്ങളാണ് ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മസ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. പരിസ്ഥിതി സൗഹൃദമായ ആഘോഷങ്ങൾ എന്ന സന്ദേശം നൽകിക്കൊണ്ടാണ് കൃഷിവകുപ്പ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ക്രിസ്മസ് കാലയളവിൽ മാത്രമല്ല വർഷം മുഴുവൻ വീടുകളുടെ പൂന്തോട്ടങ്ങളെ ഹരിതാഭമായി നിലനിർത്തുന്നതിനും ഇത് കാരണമാകും. പൈൻമരത്തെപ്പോലെ കോണാകൃതിയിൽ വളരുന്ന മരങ്ങളിൽ തട്ടുതട്ടായി ശാഖകൾ ഉണ്ടാകുന്ന അരക്കേറിയ, ഇളംപച്ചനിറത്തിലുള്ള ഗോൾഡൻ സൈപ്രസ്, വളരെ കുറഞ്ഞ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിചരണം ആവശ്യമുള്ള പിരമിഡ് ആകൃതിയിൽ വളരുന്ന തുജ എന്നീ ഇനങ്ങൾ ലാന്റ്സ്കേപ്പുകൾക്ക് അനുയോജ്യവും, ചെറിയ ചെടികൾ അകത്തളങ്ങൾക്ക് അലങ്കാരവുമാകും. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീകൾ ഇത്തവണ സജ്ജമാക്കിയിട്ടുണ്ട്. തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്.

**ക്രിസ്മസ് ട്രീകൾ വിലവിവരം**

1. ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം (എച്ച്.ഡി.പി.ഇ ചട്ടിയിൽ) – 300 രൂപ

2. തുജ – രണ്ട് വർഷം പ്രായമായത് (മൺചട്ടിയിൽ) – 500 രൂപ

3. അരക്കേറിയ – നാലടി ഉയരം (മൺചട്ടിയിൽ) – 400 രൂപ

**ലഭ്യമായ ഫാമുകളും ബന്ധപ്പെടേണ്ട നമ്പറും ചുവടെ പറയുന്നു.**

**തിരുവനന്തപുരം:** സ്റ്റേറ്റ് സീഡ് ഫാം, ചിറയൻകീഴ് – 9383470299

**കൊല്ലം:** ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, അഞ്ചൽ – 9383470361

കോക്കനട്ട് നഴ്സറി, കരുനാഗപ്പള്ളി – 9383470336

സ്റ്റേറ്റ് സീഡ് ഫാം, കൊട്ടാരക്കര – 9383470336

സ്റ്റേറ്റ് സീഡ് ഫാം, കടയ്ക്കൽ – 9383470334

**പത്തനംതിട്ട:** സ്റ്റേറ്റ് സീഡ് ഫാം, അടൂർ – 9383470516

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**ആലപ്പുഴ:** ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, മാവേലിക്കര – 9383470691

**കോട്ടയം:** ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, കോഴ – 9383470721

സ്റ്റേറ്റ് സീഡ് ഫാം, കോഴ – 9383470719

**ഇടുക്കി:** സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടിപ്പെരിയാർ – 9383470834

**എറണാകുളം:** സ്റ്റേറ്റ് സീഡ് ഫാം, ആലുവ – 9383471192

സ്റ്റേറ്റ് സീഡ് ഫാം, ഒക്കൽ – 9383471193

കോക്കനട്ട് നഴ്സറി, വൈറ്റില – 9383471194

ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, നേര്യമംഗലം – 9383479915

**തൃശ്ശൂർ:** ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, ചേലക്കര – 9383471433

സ്റ്റേറ്റ് സീഡ് ഫാം, കോടശ്ശേരി – 9383471427

സ്റ്റേറ്റ് സീഡ് ഫാം, എടത്തുരുത്തി – 9383471431

സ്റ്റേറ്റ് സീഡ് ഫാം, പാണഞ്ചേരി – 9383471426

**പാലക്കാട്:** സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി – 04662212009

**കോഴിക്കോട്:** സ്റ്റേറ്റ് സീഡ് ഫാം, പുതുപ്പാടി – 04962512340

ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം, കൂത്താളി – 9383471807

സ്റ്റേറ്റ് സീഡ് ഫാം, പേരാമ്പ്ര – 9383471808

**കണ്ണൂർ:** കോക്കനട്ട് നഴ്സറി, പാലയാട് – 9383472049

സ്റ്റേറ്റ് സീഡ് ഫാം, കാങ്കോൽ – 9383472046

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഡിസ്ട്രിക് അഗ്രികൾച്ചറൽ ഫാം തളിപ്പറമ്പ – 9383472042

**കാസർഗോഡ്:** കാഷ്യുപ്രോജനി ഓർച്ചാർഡ്, അളുർ, ഗ്വാളിമുഖ 9383471972

2. മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ലോക മണ്ണ് ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 05.12.2025-ന് രാവിലെ 10.00 മണിക്ക് തിരുവനന്തപുരം മ്യൂസിയം റോഡിലുള്ള ഇൻസ്റ്റിട്യൂഷൻ ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ വച്ച് കേരള സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർപേഴ്സൺ വി കെ രാമചന്ദ്രൻ നിർവ്വഹിക്കുന്നു. കാർഷികോത്പാദന കമ്മീഷണറും പ്രിൻസിപ്പൽ സെക്രട്ടറിയുമായ ഡോ. ബി അശോക് IAS അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പുസ്തക പ്രകാശനം, പ്രഭാഷണങ്ങൾ, സോയിൽ ഹെൽത്ത് കാർഡ് വിതരണം, കർഷകരെ ആദരിക്കൽ, മണ്ണ് ദിനത്തോടനുബന്ധിച്ച് വകുപ്പ് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനം തുടങ്ങിയവ ഉണ്ടായിരിക്കുന്നതാണ്. കാർഷിക/ആസൂത്രണ രംഗത്തെ പ്രമുഖർ, കർഷകർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുന്നു. പാനൽ ചർച്ചകൾ, കർഷകർക്കുള്ള പ്രശ്നോത്തരി എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്. ദിനാചരണത്തിന്റെ ഭാഗമായി കാർഷികോത്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, മണ്ണ് കൊണ്ടുള്ള വൈവിധ്യമാർന്ന കലാരൂപങ്ങളുടെ പ്രദർശനം തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ ജൂനിയർ റിസേർച്ച് ഫെല്ലോ, പ്രൊജക്ട് അസിസ്റ്റന്റ് എന്നീ താത്കാലിക തസ്തികകളിലേക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന എഴുത്തുപരീക്ഷയും അഭിമുഖവും 2025 നവംബർ 18-ന് രാവിലെ 9.30 -ലേക്ക് മാറ്റിവെച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

## പരിശീലന പരിപാടി

4. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ഡിസംബർ 4 ന് രാവിലെ 10 മുതൽ **'മുയൽ വളർത്തൽ'** വിഷയത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഏകദിന പരിശീലനം നടത്തുന്നു. രജിസ്ട്രേഷന് വിളിക്കേണ്ട ഫോൺ നമ്പർ –0494 2962296

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ ഡിസംബർ 5 ന് (05/12/2025) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതാണ്.

6. **കാർഷിക നിർദേശം**

പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. രൂക്ഷമാണെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫ്ലോണിക്കാസിഡ് 50% 4WG ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം